DAY — 03 SEAT NUMBER | | | | | | |

2025	II	13	1100	J-263	(MAL)

MALAYALAM (08)

Time : 3 Hrs. (12 Pages) Max. Marks : 80

സൂചനകൾ:-

1. സൂചനയ്ക്കനുസരിച്ച് ഗദ്യം, പദ്യം, ഉപപാഠം, വ്യാകരണം എന്നിവയ്ക്ക് ഉചിതമായ രീതിയിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക.
2. എല്ലാ പ്രവർത്തനങ്ങൾക്കും പേന മാത്രം ഉപയോഗിക്കുക.
3. രചനാ വിഭാഗത്തിൽ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പ്രത്യേക പ്രവർത്തനരീതി ഇല്ല.
4. ശുദ്ധവും സ്പഷ്ടവും ആയ ഭാഷയിൽ വ്യത്തിയായി എഴുതുക.

വിഭാഗം – I ഗദ്യം - 18 മാർക്ക്

Q I-A **താഴെ കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം ശ്രദ്ധിച്ചു വായിച്ച് തന്നിരിക്കുന്ന പഠനപ്രവർത്തനങ്ങൾ പൂർത്തിയാക്കുക.** (6)

രണ്ടു കുട്ടികളും കൂടി ക്രിസ്തുമസ് ആയപ്പോൾ തുഴവെള്ളം വേണമെന്ന ആവശ്യം വീണ്ടും ഉന്നയിച്ചു.

"ശരി" പപ്പാ പറഞ്ഞു. "കാട്ടിനെയിൽ മടങ്ങി ചെല്ലുമ്പോൾ നമുക്കത് വാങ്ങാം". കാഡ്ഡിനെ അവർ താമസിച്ചിരുന്ന തുറമുഖ നഗരമാണ്. കടലും കപ്പലും വള്ളങ്ങളും ധാരാളം ഉള്ള സ്ഥലം.

9 വയസ്സായ ടോട്ടോയും ഏഴു വയസ്സുകാരൻ ജോവലും അച്ഛനമ്മമാർ കരുതിയതിനെക്കാൾ നിശ്ചയദാർഢ്യം ഉള്ളവരായിരുന്നു.

"പറ്റില്ല"---അവർ ഒറ്റ സ്വരത്തിൽ പറഞ്ഞു; "ഞങ്ങൾക്കത് ഇപ്പോൾ ഇവിടെ വേണം."

പക്ഷേ അവരുടെ അമ്മ പറഞ്ഞു; "വള്ളം തുഴയാൻ ഇവിടെ ആകെയുള്ള വെള്ളം ഷവറിൽ നിന്നും വരുന്നതല്ലേ ഉള്ളൂ."

അവരും ഭർത്താവും പറഞ്ഞതു ശരിയാണ്. കാട് ജിനെ -- ഇന്ത്യാസിലെ അവരുടെ വീടിന് ഒരു മുറ്റവും ഉൾകടലിനോട് ചേർന്ന് ബോട്ടുകൾ അടുപ്പിക്കാനുള്ള സ്ഥലവും ഉണ്ടായിരുന്നു. കൂടാതെ രണ്ടു വലിയ വള്ളങ്ങൾ വയ്ക്കാവുന്ന ഒരു ഷെഡും. ഇപ്പോൾ അവർ താമസിക്കുന്ന മാഡ്രിഡ് എന്ന യൂറോപ്പ്യൻ പരിഷ്കൃത നഗരത്തിൽ ഇതൊന്നുമില്ല. ഒരു വലിയ ഫ്ലാറ്റ് സമുച്ചയത്തിലെ അഞ്ചാം നിലയിലുള്ള ഒരു അപ്പാർട്ട്മെന്റിലാണ് അവർ തിങ്ങി കൂടി കഴിയുന്നത്. എങ്കിലും രണ്ടുപേർക്കും ഒടുവിൽ കുട്ടികളുടെ ആവശ്യം നിരസിക്കാനാവാതെ വന്നു. കാരണം എലിമെന്ററി സ്കൂളിൽ മികവു പുലർത്തി സമ്മാനം വാങ്ങിയാൽ സേക്സ്റ്റൻറും കോമ്പസും ഉള്ള ഒരു തുഴവള്ളം വാങ്ങി കൊടുക്കാമെന്നവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. കുട്ടികൾ സ്കൂളിൽ നിന്ന് ആ സമ്മാനം വാങ്ങിയതു കൊണ്ടു പപ്പ അവർക്ക് തുഴവള്ളം വാങ്ങിക്കൊടുക്കുക തന്നെ ചെയ്തു. ഭാര്യയോട് അയാൾ ഒന്നും പറഞ്ഞില്ല. ചൂതാട്ടം മൂലം വന്നു ചേർന്ന കടം കൊടുത്തു തീർക്കാൻ അയാളെ ക്കാൾ വിഷമം അവർക്കായിരുന്നു.

ഭംഗിയുള്ള ഒരു അലുമിനിയം വള്ളമാണ് അയാൾ വാങ്ങിയത്; വെള്ളത്തെ സ്പർശിക്കുന്നിടത്ത് സ്വർണ്ണ വരകൾ ഉള്ളത്..

1) പട്ടിക പൂർത്തിയാക്കുക. (1)

a. ക്രിസ്തുമസ് ആയപ്പോൾ കുട്ടികൾ ആവശ്യപ്പെട്ടത്

b. ഗദ്യഭാഗത്ത് പരാമർശിച്ചിട്ടുള്ള യൂറോപ്പ്യൻ നഗരം

2) **ചേരുംപടി ചേർക്കുക** (2)

അ	**ആ**
a. വേണ്ടെന്നു വയ്ക്കുക	മികവ്
b. ഉറപ്പ്	ഒറ്റസ്വരത്തിൽ
c. മിടുക്ക്	നിരസിക്കുക
d. ഏക സ്വരത്തിൽ	വാഗ്ദാനം

3) **പൂരിപ്പിക്കുക**. (1)

a. അച്ചനമ്മമാർ കരുതിയതിനേക്കാൾ നിശ്ചയ ദാർഢ്യം ഉള്ളവർ ....., ...

b. പപ്പയ്ക്ക് കടം വന്നുചേർന്നത് .....

4) **കുടുംബംതാമസിച്ചിരുന്ന കാട്ടിനെയിലെയും മാഡ്രിഡിലെയും വീടുകൾ തമ്മിൽ താരതമ്യം ചെയ്ത് സ്വന്തം വാക്യത്തിൽ എഴുതുക.** (2)

Q I-B. **താഴെ കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം ശ്രദ്ധിച്ചു വായിച്ച് തന്നിരിക്കുന്ന പഠന പ്രവർത്തനങ്ങൾ പൂർത്തിയാക്കുക**. **(6)**

സൂര്യ പ്രകാശ് വിവരിച്ചുതന്നു.. "ഇവിടെ നിന്നു മൂന്നു മൈൽ പോയാൽ മാനാഗ്രാമമായി. ഇന്ത്യന തിർത്തിയിലെ ഏറ്റവും ഒടുവിലത്തെ ഗ്രാമമാണത്. മാനാഗ്രാമത്തിൽ നിന്ന് 20 മൈൽ ദൂരമുണ്ട് മാനാചുര ത്തിലേക്ക്. ചുരത്തിനപ്പുറം ടിബത്ത് ഭൂമിയാണ് -- ചൈനീസ് ടെറിട്ടറി. മാനാഗ്രാമ ത്തിനും ചുരത്തിനും ഇടയ്ക്ക് കിടക്കുന്ന സ്ഥലം മുഴുവനും ഒരു പുല്ലു പോലും പൊടിക്കാത്ത തണുത്തു മരവിച്ച ശൂന്യതയാണ്. 18,000 അടിവരെ ഉയരത്തിൽ ക്കിടക്കുന്ന ഈ സ്ഥലങ്ങളിലും നമ്മുടെ രക്ഷാ സേനയുടെ കാവൽ പോസ്റ്റുകളുണ്ട്.

പോസ്റ്റിൻറെ സ്ഥലപരിശോധന കഴിഞ്ഞപ്പോൾ നേരം വളരെ വൈകിയിരുന്നതിനാൽ ഞാൻ

അവിടെത്തന്നെ രാത്രി കഴിക്കാൻ തീരുമാനിച്ച്, സ്ലീപ്പിങ് ബാഗ് തുറന്നു അതിനുള്ളിൽ ഭദ്രമായി ഒതുങ്ങി ഉറങ്ങാൻ കിടന്നു..... എപ്പോഴാണ് ഉണർന്നതെന്ന് നിശ്ചയമില്ല. കണ്ണുമിഴിച്ചപ്പോൾ ഒന്നും മനസ്സിലാവുന്നില്ല. സ്ലീപ്പിങ് ബാഗ് ഇളക്കാനോ എഴുന്നേൽക്കാനോ കഴിയുന്നില്ല. താങ്ങാൻ കഴിയാത്ത ഒരു ഭാരം എന്നെ ഞെരുക്കുന്നുമുണ്ട്. അപ്പോഴാണ് ആ പരമാർത്ഥം തലച്ചോറിൽ തെളിഞ്ഞത്. രാത്രിയിൽ ഉണ്ടായ കനത്ത ഹിമപാതത്തിൽ ഞാൻ മൂടി പോയിരിക്കുകയാണ്. ഞാൻ ജീവനുള്ള ഒരു ഹിമകുടീരമായി മാറിയിരിക്കയാണ്. സർവ്വ ശക്തിയും പ്രയോഗിച്ചു തട്ടിപ്പിടഞ്ഞ് ഞാൻ എന്നെ ഞെരുക്കുന്ന ഭാരം മാറ്റാൻ ശ്രമിച്ചു. സാധിക്കുന്നില്ല. അങ്ങനെ ദീർഘ നേരത്തെ സാഹസിക പരിശ്രമത്തിൻറെ ഫലമായി എന്നെ മൂടിയ ഭാരം ക്രമേണ ചുരുങ്ങി തുടങ്ങുന്നതായി അനുഭവപ്പെട്ടു. ആ ഹിമ കൂമ്പാരത്തിനടിയിൽ നിന്ന് ഒരു വിധം എന്നെ വിമുക്തനാക്കി, തലയിലും മുഖത്തും ദേഹത്തിലും ഒട്ടിപ്പിടിച്ച മഞ്ഞു കുടഞ്ഞു തെറിപ്പിച്ചു കൊണ്ട് ഞാൻ പുറത്തു വന്നുവെന്നു പറഞ്ഞാൽ മതിയല്ലോ. പിന്നെ ക്ഷീണം കൊണ്ടു വേഗം നടക്കാൻ കഴിഞ്ഞില്ല. അതാണ് ഞാനിവിടെ വൈകിയെത്താൻ ഉണ്ടായ കാരണം.

പട്ടാളക്കാരൻ സൂര്യപ്രകാശിൻറെ അനുഭവകഥ ശ്രദ്ധിച്ചു കൊണ്ടിരുന്ന എൻറെ കരളിലും ഒരു ഹിമപാതമുണ്ടായ പോലെ തോന്നി. യുപി കാരനായ ആ യുവഭടൻറെ മുഖത്തേക്ക് ഞാൻ സൂക്ഷിച്ചു നോക്കി. അയാൾക്ക് അതോർത്തിട്ട് ഒരു പരിഭ്രമവും കണ്ടില്ല. “ഇന്നലെ രാത്രി കുറച്ചു മഞ്ഞു കൊണ്ടു... ജലദോഷം പിടിച്ചു.” എന്നു നമ്മൾ പറയും പോലെ അത്ര നിസ്സാരമട്ടിലാണ് അയാൾ തൻറെ ശവകുടീരമായി തീരുമായിരുന്ന ആ ഹിമ കൂമ്പാരത്തിൽ നിന്നു പുറത്തു ചാടിയ ഭയങ്കര കഥ പറഞ്ഞത്.

നമ്മുടെ രാജ്യത്തിൻറെ അതിർത്തികൾ കാത്തു രക്ഷിക്കുന്ന ഭടന്മാരുടെ സേവന വ്യഗ്രതയും സഹനശക്തിയും സ്ഥൈര്യവും ത്യാഗബുദ്ധിയും ഓർത്തു ഞാൻ അഭിമാന പുളകിതനായി. ഈ യാത്രയിൽ ഒരു പണ്ഡിതൻ എന്നോടു പറഞ്ഞ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ. "മഞ്ഞു കാലം വരുമ്പോൾ, ബദരീനാരായണ മൂർത്തി പോലും

അവിടെനിന്നു താഴെ നിലങ്ങളിലേക്ക് ഒഴിഞ്ഞു പോകുന്നു. അന്നും ആ പ്രദേശത്തു കാവൽ നിൽക്കുന്ന നമ്മുടെ ജവാൻമാരെയല്ലേ, ദേവന്മാരെക്കാൾ കൂടുതൽ ആദരിക്കേണ്ടത്?

1) സമാനാർത്ഥം എഴുതുക. (2)

a. മഞ്ഞു വീഴ്ച ☐

b. സ്ഥിരത ☐

c. വളരെ നേരം ☐

d. ഒന്നുമില്ലാത്ത അവസ്ഥ ☐

2) പൂരിപ്പിക്കുക. (2)

a. ഇന്ത്യൻ അതിർത്തിയുടെ ഏറ്റവും ഒടുവിലത്തെ ഗ്രാമം .....

b. ലേഖനത്തിലെ യുവഭടൻറെ പേര് .....

3) അതിർത്തി കാക്കുന്ന ജവാന്മാരെയാണ് ദേവന്മാരെക്കാൾ കൂടുതൽ ആദരിക്കേണ്ടത് – എന്നു പറയാൻ ഉള്ള കാരണം സ്വന്തം വാക്യത്തിൽ എഴുതുക. (2)

Q I - C. താഴെ കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം ശ്രദ്ധിച്ചു വായിച്ച് തന്നിരിക്കുന്ന പഠനപ്രവർത്തനങ്ങൾ പൂർത്തിയാക്കുക. **(6)**

എൻറെ വീട് കൊച്ചിശ്ശീമയിലാണ്. കാടരികായിട്ടുള്ള ഒരു സ്ഥലത്താണെന്നു മാത്രമേ ഇവിടെ പറയാൻ വിചാരിക്കുന്നുള്ളൂ. ഒരു തറവാട്ടിൽ ഒരു താവഴിക്കാർ കറുത്തും വേറൊരു താവഴിക്കാർ വെളുത്തും കണ്ടിട്ടുള്ള അനുഭവം നിങ്ങൾക്കുണ്ടായിരിക്കണം. എൻറെ തറവാട്ടിലും ഇതുപോലെയാണ്. എന്നാൽ നിറഭേദമുള്ളത് ദേഹത്തിനല്ല, മര്യാദയ്ക്കാണ്. എല്ലാം കാലത്തും ഒരു വകക്കാർ മര്യാദക്കാരും മറ്റേ വർഗ്ഗക്കാർ അമര്യാദക്കാരുമായിട്ടാണ്. ഈ വേർതിരിവ് ഇന്നും ഇന്നലെയും ആയി തുടങ്ങിയതല്ല. കാരണവന്മാരുടെ കാലത്തേ ഉള്ളതാണ്. അമര്യാദാത്താവഴിയിലാണ് എൻറെ ജനനം, ഇക്കണ്ടക്കുറുപ്പ്, രാമൻ നായർ എന്നിങ്ങനെ രണ്ട് ദിവ്യപുരുഷൻമാരെ നിങ്ങളിൽ ചിലരെക്കിലും കേട്ടിരിക്കാതിരിക്കയില്ല. അവരിൽ ആദ്യം പറഞ്ഞ

മനുഷ്യൻ എൻറെ നാലാം അച്ഛനാണ്. നാലു തലമുറ മുമ്പിലത്തെ ഒരു അമ്മാവനും ആണ്. അദ്ദേഹ ത്തിൻറെ ഓർമ്മയ്ക്കു് തന്നെയാകുന്നു ആ പേര് എനിക്കിട്ടിട്ടുള്ളതും അതുകൊണ്ട് 'ദ്വേധാ നാരായണീയം' എന്നു പട്ടേരി പറഞ്ഞതുപോലെ മക്കത്തായ വഴിക്കും മരുമക്കത്തായ വഴിക്കും എനിക്ക് കള്ളനാവാനുള്ള യോഗവും വാസനയും അതികേമമായിരുന്നു.

എൻറെ പാരമ്പര്യമാഹാത്മ്യത്തെ എല്ലാവരും പൂർണ്ണമായി അറിവാൻ വേണ്ടി "നാലാമച്ഛനായ ഇക്കണ്ടക്കുറുപ്പിൻറെ മുത്തച്ഛനായിരുന്നു, ഇട്ടി നാരായണൻ നമ്പൂതിരിയെന്നു കൂടി ഇവിടെ പറയേണ്ടതായി വന്നിരിക്കുന്നു. ഇട്ടിയാറാണെൻറെ കഥ കേൾക്കാത്ത വിഡ്ഢിയുണ്ടെങ്കിൽ അവനായിട്ട് ഇത് ഞാൻ എഴുതുന്നില്ല. ബാല്യത്തിൽത്തന്നെ എന്നെ അമര്യാദാത്താവഴിയിൽ നിന്ന് വേർപെടു ത്തുവാൻ വീട്ടിലുള്ളവരിൽ ചിലർ ഉത്സാഹിച്ചു. സാധിച്ചില്ലെങ്കിൽ അവരുടെ പ്രയത്നക്കുറവ് അല്ലെന്ന് ഞാൻ സത്യം ചെയ്തു കൽപ്പിച്ച് കൊടുക്കാം. എൻറെ വാസനാബലം എന്ന് മാത്രമേ പറയാനുള്ളൂ. വിദ്യാഭ്യാസ വിഷയത്തിൽ ഞാൻ വലിയ മടിയനാ യിരുന്നു എന്ന് ഒരിക്കലും പറഞ്ഞുകൂടാ.

1) **ഒറ്റപ്പദമാക്കുക.** (1)

c. പാരമ്പര്യത്തിന്റെ മഹാത്മ്യം ☐

d. നിറങ്ങളുടെ ഭേദം ☐

2) **വാക്യം പൂരിപ്പിക്കുക**. (1)

a. 'ദ്വേധാ നാരായണീയം' എന്നു പറഞ്ഞത് .....

b. ഇക്കണ്ടക്കുറുപ്പിൻറെ മുത്തച്ഛനായിരുന്നു .....

3) **ചേരുംപടി ചേർക്കുക** (2)

അ	**ആ**
a. നാലാമച്ഛൻ	മടിയൻ
b. വീട്	മര്യാദ
c. വിദ്യാഭ്യാസ വിഷയം	കൊച്ചിശ്ശീമ
d. നിറഭേദം	ഇക്കണ്ടക്കുറുപ്പ്

4) **ലേഖകൻറെ പാരമ്പര്യത്തെ കുറിച്ച് സ്വന്തം വാക്യത്തിൽ എഴുതുക.** (2)

വിഭാഗം - II പദ്യം - 16 മാർക്ക്

Q II-A **താഴെ കൊടുത്തിരിക്കുന്ന പദ്യ ഭാഗം ശ്രദ്ധിച്ചു വായിച്ച് തന്നിരിക്കുന്ന പഠന പ്രവർത്തനങ്ങൾ പൂർത്തിയാക്കുക.** **(8)**

വേട്ടക്കാരവരുടെ കൈയുകൾ
വെട്ടും ഞാൻ കൽമഴുവോങ്ങി
മലതീണ്ടിയശുദ്ധം ചെയ്തവർ
തലയില്ലാതൊഴുകണമാറ്റിൽ
മരമൊക്കെയരിഞ്ഞവരെന്നുടെ
കുലമൊക്കെ മുടിച്ചവരവരുടെ
കുടൽമാലകൾ കൊണ്ടു ജഗത്തിൽ
നിറമാലകൾ തൂക്കും ഞാൻ.

1) **ഒറ്റപ്പദമാക്കുക.** (1)

a. കല്ലു കൊണ്ടുണ്ടാക്കിയ മഴു ☐

b. വേട്ട ചെയ്യുന്ന ആൾ ☐

2) **പട്ടിക പൂർത്തിയാക്കുക.** (2)

a. വേട്ടക്കാരെ വിശേഷിപ്പിക്കുന്നത് ....., ...

3) **പൂരിപ്പിയ്ക്കുക** (1)

a. ആറ്റിൽ ഒഴുകുന്നത് .....

4) **സമാനാർത്ഥം കണ്ടെത്തി എഴുതുക.** (2)

a. നദി ☐
b. വംശം ☐
c. ലോകത്തിൽ ☐
d. തൊടുക ☐

5) **കുലം മുടിച്ചവരെ കാട്ടാളൻ എന്തെല്ലാം ചെയ്യുമെന്നാണ് പറയുന്നതെന്ന് സ്വന്തം വാക്യത്തിൽ എഴുതുക.** (2)

Q II-B **താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു പദ്യത്തിൻറെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.** **(8)**

1) **കണ്ണാടികാൺമോളവും.**

അല്ലെങ്കിൽ

2) **തേങ്ങ.**

1. രചയിതാവിൻറെ പേര് (1)
2. രചനാ വൈഭവം (1)
3. ഇഷ്ടപ്പെട്ട വരികൾ (1)
4. ഇഷ്ടപ്പെടാനുള്ള കാരണം (2)
5. ഈ പദ്യം ഏത് കൃതിയിൽ നിന്നാണ് (1)
6. കവിതയിലെ സന്ദേശം (2)

വിഭാഗം - III ഉപപാഠം - 12 മാർക്ക്

Q III-A **താഴെ കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം ശ്രദ്ധിച്ചു വായിച്ച് തന്നിരിക്കുന്ന പഠന പ്രവർത്തനങ്ങൾ പൂർത്തിയാക്കുക.** **(8)**

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം മിക്ക രാജ്യങ്ങളിലും മാധ്യമങ്ങൾക്ക് അഭൂതപൂർവ്വമായ വികാസം ഉണ്ടായി. സാങ്കേതികവും ശാസ്ത്രീയവുമായ വിജ്ഞാനശാഖകളിൽ ഇരുപതാം നൂറ്റാണ്ട് കൈവരിച്ച നേട്ടങ്ങൾ മാധ്യമങ്ങളുടെ വികാസത്തിന് ആക്കം കൂട്ടി.

അമേരിക്കൻ ഐക്യനാടുകളിൽ മാത്രം 1950 മുതൽക്കുള്ള ഇരുപതു വർഷങ്ങളിൽ പ്രസിദ്ധീകൃതമായ പുസ്തകങ്ങളുടെ എണ്ണം അതിനു തൊട്ടു മുമ്പുള്ള ഇരുപതു കൊല്ലത്തിനെക്കാൾ മൂന്നിരട്ടി ആയിരുന്നു. വികസനോന്മുഖമായ മുന്നേറ്റത്തിൽ ഇതിൽ വേറെ ഏതു മാധ്യമത്തെയും കടത്തിവെട്ടിയത് ടി.വി.യാണ്. ഇന്ത്യയിൽ അങ്ങു നിന്നിങ്ങോളം പ്രസരിച്ച ദൂരദർശന തരംഗം പട്ടണങ്ങളി

ലേക്കും നാട്ടിൻപുറങ്ങളിലേക്കും കടന്നു ചെന്നു കഴിഞ്ഞിരുന്നു.

വസ്തുതകളുടെയും വിവരണങ്ങളുടെയും പ്രളയമാണ് മാധ്യമങ്ങളുടെ വികാസത്തിൻറെ പ്രകടമായ ഒരു ഫലം. ദിവസം തോറും എന്നല്ല നിമിഷം തോറും പെരുകി വരികയാണ് മാനവ വിജ്ഞാനം. ലക്ഷക്കണക്കിനുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും ചിത്രങ്ങളും ഭൂപടങ്ങളും മറ്റു രേഖകളും വരും തലമുറകൾക്കു കൂടി പ്രയോജനപ്പെടും മട്ടിൽ സംഭരിച്ചു വർഗീകരിച്ച് അടുക്കി സൂക്ഷിക്കുകയും ആവശ്യക്കാർക്ക് കഴിവതും വേഗം അവ പരിശോധിക്കാൻ അവസരം നൽകുകയും ചെയ്യുക സ്വന്തം ചുമതലയായി എല്ലാ നല്ല ഗ്രന്ഥശാലകളും അംഗീകരിച്ചിരിക്കുന്നു. ആവശ്യാനുസരണം രേഖകളുടെ മൈക്രോഫിലിം പ്രതികളും ഫോട്ടോ കോപ്പികളും സ്വനലേഖങ്ങളും വീഡിയോ കാസറ്റുകളും മാത്രമല്ല കമ്പ്യൂട്ടറിൻറെ സഹായത്തോടെ നിർമ്മിക്കുന്ന പകർപ്പുകളും ഒക്കെ ആധുനിക സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിൽ നിന്നും ലഭിക്കും.

രേഖകളുടെ വൻശേഖരങ്ങളിൽ നിന്നു നമുക്കാവശ്യമായ വിവരം പെട്ടെന്നു തിരഞ്ഞെടുത്തു തരുന്ന വിശ്വസ്ത സേവകനായിത്തീർന്നിട്ടുണ്ട്, കമ്പ്യൂട്ടർ. കമ്പ്യൂട്ടറും ബഹുജന മാധ്യമങ്ങൾക്കിടയിലേക്ക് കടന്നുവന്ന് സ്വന്തം സ്ഥാനമുറപ്പിച്ചിരിക്കുന്നു. അനേകായിരം നാഴിക അകലെയുള്ള വിവിധ കേന്ദ്രങ്ങളിലെ വിജ്ഞാനശേഖരങ്ങളെ വലുതും ചെറുതുമായ ഒട്ടേറെ കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന ഒരു ശൃംഖലയോട് ബന്ധിപ്പിച്ച് ആവശ്യക്കാർ നിശ്ചിത ബട്ടണുകൾ അമർത്തിയാൽ അവർക്ക് വേണ്ട വിവരങ്ങൾ ഞൊടിയിടയിൽ എത്ര ദൂരത്തു നിന്നും ലഭിക്കുമാറാക്കുക സന്ദേശ വിനിമയ രംഗത്തെ ശ്രദ്ധേയമായ പ്രവണതയാണ്.

1) പട്ടിക പൂർത്തിയാക്കുക. (2)

a. ഇരുപതാം നൂറ്റാണ്ട് നേട്ടം കൈവരിച്ച മേഖല.

[ ] , [ ]

b. വികസന പാതയിൽ ഏറ്റവും മുന്നിലേക്ക് കുതിച്ച മാധ്യമം.

2) ചേരുംപടി ചേർക്കുക. (2)

അ	ആ
a. അറിവ്	സേവകൻ
b. ശേഖരിച്ചു	വിജ്ഞാനം
c. ശബ്ദം	സംഭരിച്ചു
d. ഭൃത്യൻ	സ്വനം

3) പൂരിപ്പിക്കുക. (2)

a. ആധുനിക ഗ്രന്ഥശാലയുടെ പ്രത്യേകതകൾ ..... , ...

b. മാധ്യമ വികാസത്തിൻറെ പ്രകടമായ ഫലം .....

4) രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ഉണ്ടായ മാധ്യമങ്ങളുടെ വികാസത്തെകുറിച്ച് സ്വന്തം വാക്യത്തിൽ എഴുതുക. (2)

Q III - B സ്വാഭിപ്രായം എഴുതുക. **(4)**

1) സോഷ്യൽ മീഡിയയുടെ ശരിയായ ഉപയോഗത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായം സ്വന്തം വാക്യത്തിൽ എഴുതുക. (2)

2) ഈ ഡിജിറ്റൽ കാലത്ത് വ്യക്തി സ്വകാര്യത നേരിടുന്ന വെല്ലുവിളിയെക്കുറിച്ച് സ്വന്തം വാക്യത്തിൽ എഴുതുക. (2)

വിഭാഗം - IV വ്യാകരണം - 16 മാർക്ക്

QIV- 1) അടിവരയിട്ട പദങ്ങളുടെ വിഭക്തി നിർണയിക്കുക. (2)

a. രാജീവിൻറെ സംസാരരീതി വളരെ നല്ലതാണ്.

b. ഇന്ന് അമ്മയെ വിളിച്ചില്ല.

2) സന്ധി നിർണയിക്കുക. (2)

a. കുട്ടിക്കുപ്പായം

b. മറഞ്ഞിരുന്നു

3) പ്രയോഗം മാറ്റി എഴുതുക. (2)

a. അച്ഛൻ മകനെ ഉപദേശിച്ചു.

b. കുട്ടൻ അമ്മാവനാൽ പ്രശംസിക്കപ്പെട്ടു.

4) വാക്യത്തിൽ പ്രയോഗിക്കുക. (2)

a. അനുഭവിക്കുക

b. വിനയത്തോടെ

5) നാമം, ക്രിയ എന്നിവ എടുത്ത് എഴുതുക. (2)

a. കുട്ടി നന്നായി പഠിച്ചു.

b. മഴ ശക്തിയായി പെയ്തു.

6) എതിർലിംഗ പദം എഴുതുക. (2)

a. സുന്ദരൻ

b. മിടുക്കി

7) വചനം മാറ്റുക. (2)

a. പുസ്തകം

b. മരങ്ങൾ

8) മറ്റു കാലങ്ങൾ എഴുതുക. (2)

a. സീത നൃത്തം ചെയ്തു.

b. അമ്മ കുട്ടിയെ ഉറക്കുന്നു.

വിഭാഗം - V രചനാ പരിചയം - 18 മാർക്ക്

A) **ഇൻറർനെറ്റിന്റെ ഉപയോഗങ്ങളെ കുറിച്ച് വിവരിച്ചുകൊണ്ട് സഹോദരന് ഒരു കത്തെഴുതുക.** (4)

അല്ലെങ്കിൽ

സ്കൂൾ കാൻറീൻ വിപുലീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രധാന അധ്യാപകന് അപേക്ഷ തയ്യാറാക്കുക.

B) **ഇഷ്ടപ്പെട്ട കായികതാരത്തെക്കുറിച്ച് സുഹൃത്തുമായി നടത്താവുന്ന ഒരു സംഭാഷണം തയ്യാറാക്കുക**. (4)

C) **ആശയ വിപുലീകരണം നടത്തുക.** (4)

"താഴ്ന്ന നിലത്തേ നീരോടൂ"

അല്ലെങ്കിൽ

തന്നിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധിച്ചു വായിച്ച് മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക.

Onam is a well known celebration of Kerala. It is also signified as the harvest celebration of Kerala. Onam is a Ten days long celebration. It starts with Aththam. Onam falls in the first month of Malayalam calendar Chingam. The important features of Onam are floral decoration which is called Pookkalam. The myth regarding Onam is welcoming the King Mahabali as a mark of respect for him. A detailed feast with different cuisine are prepared on this day and it is called Onasadya. It is also a season of family get-together.

D) **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക**. (6)

1. യോഗയുടെ പ്രാധാന്യം.
2. പുസ്തക പാരായണം.

◆◆◆